**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 344** **25.06.2013-ൽ മറുപടിക്ക്**

**ചിട്ടി നിയമത്തിൽ മാറ്റംവരുത്താൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ചിട്ടി നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | ബഹു. സുപ്രീംകോടതി വിധിയനുസരിച്ച് 30.04.2012 മുതൽ കേന്ദ്രചിട്ട് ഫണ്ട്സ് ആക്ട് 1982 ആണ് സംസ്ഥാനത്ത് നിലവിലുള്ളത്. അതിൽ മാറ്റം വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സംസ്ഥാനത്ത് നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഇപ്പോഴുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിയമ വിരുദ്ധമായി ചിട്ടികൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള കേന്ദ്രചിട്ടി നിയമമായ The Chit Fund Act 1982 ലെ സെക്ഷൻ 82 പ്രതിപാദിക്കുന്നുണ്ട്. അതനുസരിച്ച് പോലീസിന്റെ സഹായത്തോടെ ചിട്ടി രജിസ്ട്രാർക്കോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കോ, അത്തരം സ്ഥാപനങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധന നടത്തുന്നതിനും രേഖകൾ പിടിച്ചെടുക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ട്.<br>ജില്ലാതലത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ജില്ലാ രജിസ്ട്രാർ) ഇൻസ്പെക്ടർ ഓഫ് ചിട്ട്സ്, ചിറ്റ്സ് ഓഡിറ്റർ എന്നീ ഉദ്യോഗസ്ഥരാണ് |

| | | | |
|---|---|---|---|
| | | | ചിട്ടികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. ജില്ലയിൽ നടന്നുവരുന്ന ചിട്ടികളുടെ ആഡിറ്റിംഗ് നടത്തുന്ന ചുമതലയാണ് ചിട്ടി ആഡിറ്റർക്കുള്ളത്. ചിട്ടി നടത്തിപ്പിനുള്ള മുൻകൂർ അപേക്ഷ സെക്യൂരിറ്റി മുതലായവ പരിശോധിച്ച് ജില്ലാ രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുക എന്നതാണ് ചിട്ടി ഇൻസ്പെക്ടറുടെ പ്രധാന ചുമതല. ലഭിക്കുന്ന പരാതികളെക്കുറിച്ച് ചിട്ടി ഇൻസ്പെക്ടറുടെ സഹായത്തോടെ ജില്ലാ രജിസ്ട്രാർ അന്വേഷിച്ച് നടപടി സ്വീകരിക്കുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. |
| (സി) | ഇത്തരം സ്ഥാപനങ്ങളെ കേന്ദ്രചിട്ടി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ? | (സി) | ടി സ്ഥാപനങ്ങളെ കേന്ദ്രചിട്ടി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. പരിശോധനാ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ